# വാക്കിന്റെ ഉടമകളായിരിക്കുക

**സർവശക്തനായ** അല്ലാഹു അവന്റെ പരകോടി സൃഷ്ടിജാലങ്ങളിൽ മനുഷ്യവർഗത്തിനു മാത്രം നൽകിയ അമൂല്യമായ അനുഗ്രഹമാകുന്നു ഭാഷയും ഭാഷണശേഷിയും. സംസാരിക്കുന്ന ജീവി എന്ന് മനുഷ്യൻ നിർവചിക്കപ്പെടാറുള്ളത് അതുകൊണ്ടാണ്. ആദിപിതാവ് ആദമിന് അല്ലാഹു നാമങ്ങളൊക്കെയും പഠിപ്പിച്ചതായും ആ പഠിപ്പ് മലക്കുകൾക്ക് മുമ്പിൽ പാടിച്ചതായും ഖുർആൻ പറയുന്നു. നാമങ്ങളിലൂടെ വസ്തുക്കളെയും ആശയങ്ങളെയും, വസ്തുക്കൾ തമ്മിലും ആശയങ്ങൾ തമ്മിലുമുള്ള ബന്ധങ്ങളെയും അടയാളപ്പെടുത്തുന്ന വിദ്യയാണ് ഭാഷ. ഉച്ചാരണത്തിലൂടെ ഈ അടയാളങ്ങൾ വിനിമയം ചെയ്യാനുള്ള ശേഷിയാണ് ഭാഷണം. മഹത്തായ ഈ യോഗ്യതയുടെ പേരിലാണ് മനുഷ്യൻ മലക്കുകളുടെ പ്രണാമത്തിനർഹരായത്. ഒരു സാമൂഹിക ജീവിയായിത്തീരാനും ജീവിതവേദിയിൽ അപ്രതിഹതമായ പുരോഗതികൾ നേടിയെടുക്കാനും മനുഷ്യനെ പ്രാപ്തനാക്കിയ ഘടകം ഈ അടയാള വിനിമയ വ്യവസ്ഥയാണ്.

ഓരോ അനുഗ്രഹവും എന്തുലക്ഷ്യത്തിനു വേണ്ടി നൽകിയിരിക്കുന്നുവോ ആ ലക്ഷ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുകയും വിപരീത ലക്ഷ്യത്തിനു ഉപയോഗിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ ഉത്തരവാദിത്വം. ഭൂമിയിൽ അല്ലാഹുവിന്റെ പ്രാതിനിധ്യമേറ്റെടുക്കാനും ഭൂമിയെ സംസ്കരിക്കാനുമുള്ള ശക്തമായ ആയുധങ്ങളിലൊന്നാണ് നാവ്. പരസ്പരം അറിയാനും അറിയിക്കാനും അതുവഴി സമഗ്രമായി വികസിക്കാനുമാണ് അല്ലാഹു മനുഷ്യന് ഭാഷാശേഷി നൽകിയിരിക്കുന്നത്. ഇതേ ഭാഷ ഉപയോഗിച്ചുതന്നെ മനുഷ്യരെ ഭിന്നിപ്പിക്കാനും ചീത്തയാക്കാനും കഴിയും. അനവസരത്തിലും അസ്ഥാനത്തും ഉച്ചരിക്കുന്ന ഒരു വാക്കു മതി, നിങ്ങളുടെ ചിരകാല സുഹൃത്തിനെ ആജീവനാന്ത ശത്രുവാക്കി മാറ്റാൻ. ഉറ്റമിത്രങ്ങളെ ബദ്ധവൈരികളാക്കി പിരിക്കാൻ മൂന്നാമതൊരുവന്റെ ഒറ്റ വാക്കിനു കഴിയും. നമ്മുടെ വായിലിരിക്കുന്ന നാക്കിൽ ഒരേ സമയം കാളകൂട വിഷവും മൃതസഞ്ജീവിനിയുമുണ്ട്. രണ്ടും യഥേഷ്ടം പുറത്തേക്ക് വമിക്കാം. ഈ അവസ്ഥ നാക്കിലുള്ള നമ്മുടെ ഉത്തരവാദിത്വം ശതഗുണീഭവിപ്പിക്കുന്നു. സ്വർഗത്തിലേക്കുയർത്തുന്ന സോപാനങ്ങളെന്നപോലെ നരകത്തിന്റെ അടിത്തട്ടിലേക്ക് താഴ്ത്തുന്ന ചതിക്കുഴികളുമാണ് വാക്കുകൾ. തന്റെ സുഭാഷിതത്തിൽ സംപ്രീതനാകുന്ന അല്ലാഹു തന്നെ സ്വർഗത്തോടടുപ്പിക്കുമെന്ന് കരുതുന്നവൻ, തന്റെ ദുർഭാഷണത്തിൽ അപ്രീതനാകുന്ന അല്ലാഹു തന്നെ നരകത്തോടടുപ്പിക്കുമെന്നും മനസ്സിലാക്കണമെന്ന് പ്രവാചകൻ പറയുകയുണ്ടായി.

മനഃപൂർവം ഉച്ചരിക്കപ്പെടുന്ന ഓരോ വാക്കിനും നല്ലതോ ചീത്തയോ ആയ ഒരു ഫലമുണ്ട്. ആ ഫലത്തിന്റെ പേരിൽ അത് വിചാരണാവിധേയമാകും. ഈ ബോധത്തോടു കൂടി വേണം വിശ്വാസികൾ നാക്കെടുക്കാൻ. അന്ത്യപ്രവാചകൻ ഉപദേശിക്കുന്നു: “അല്ലാഹുവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടതുണ്ടെന്നു വിശ്വസിക്കുന്നവർ നല്ലതു സംസാരിക്കട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.” ഉച്ചരിക്കപ്പെടുന്ന വാക്കുകളുടെ ഗൗരവത്തെക്കുറിച്ച് ഖുർആൻ ഉണർത്തുന്നു: “ഓരോ മനുഷ്യന്റെയും ഇടത്തും വലത്തും രണ്ട് മലക്കുകളിരുന്ന് സകല സംഗതികളും രേഖപ്പെടുത്തുന്നുണ്ട്. രേഖപ്പെടുത്തി സൂക്ഷിക്കാൻ നിയുക്തനായ നിരീക്ഷകന്റെ സാന്നിധ്യത്തിലല്ലാതെ മനുഷ്യൻ യാതൊരു വാക്കും ഉച്ചരിക്കുന്നില്ല” (50:17,18). തഖ്‌വയുടെ -ദൈവഭക്തിയുടെ-യും ധർമബോധത്തിന്റെയും അനിവാര്യഘടകമാണ് സുഭാഷണമെന്ന് ഖുർആൻ ആവർത്തിച്ച് ഓർമിപ്പിക്കുന്നുണ്ട്: “തഖ്‌വയുള്ളവരാകുവിൻ. നല്ല വാക്കുകൾ പറയുവിൻ” (4:9). “അല്ലയോ സത്യവിശ്വാസികളേ, തഖ്‌വയുള്ളവരാകുവിൻ. നല്ല വാക്കുകൾ സംസാരിക്കുവിൻ. അല്ലാഹു നിങ്ങളുടെ കർമങ്ങൾ സംസ്കരിക്കും. പാപങ്ങൾ പൊറുത്തുതരും” (33:70,71). ഭാഷണം മോശമായാൽ കർമം സംസ്കൃതമാവുകയോ ദോഷങ്ങൾ പരിഹരിക്കപ്പെടുകയോ ഇല്ല എന്നാണ് ഇതിന്റെ മറ്റൊരർഥം. നാവ് നന്നായാൽ മനുഷ്യൻ നന്നായി എന്നു പറയാറുണ്ടല്ലോ. മനസ്സും നാവും നന്നായാൽ മനുഷ്യൻ സമ്പൂർണമായി നന്നായി എന്നാണ് നബിവചനം. വിചാരവും വാക്കും നന്നായാൽ പിന്നെ കർമങ്ങൾ സ്വയം നന്നായിക്കൊള്ളും.

കുത്തുവാക്കുകൾ, ദുഷ്പേരുകൾ, പരിഹാസം തുടങ്ങിയ ദുർഭാഷണങ്ങളൊക്കെ വർജിക്കണമെന്ന് ഖുർആൻ ഗൗരവപൂർവം കൽപിച്ചിരിക്കുന്നു. പരദൂഷണത്തെ സഹോദരന്റെ മൃതജഡം മാന്തിത്തിന്നുന്നതിനോടാണ് ഖുർആൻ ഉപമിക്കുന്നത്. സംസാരിക്കുമ്പോൾ കള്ളം പറയുന്നതും തർക്കിക്കുമ്പോൾ അസഭ്യം പറയുന്നതും വിശ്വാസപരമായ കാപട്യത്തിന്റെ ലക്ഷണമായി പ്രവാചകൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആത്മസംസ്കരണ വിഷയകമായി വിശദമായ പഠനം നടത്തിയിട്ടുള്ള ഇമാം ഗസ്സാലി(റ)യെ പോലുള്ള പൂർവികാചാര്യന്മാർ ‘നാവിന്റെ വിപത്തുക’ളെക്കുറിച്ച് സുദീർഘം ഉപന്യസിച്ചിട്ടുള്ളതായി കാണാം. നാവ് ചിലപ്പോൾ നമ്മെ മാത്രമല്ല നമുക്ക് ചുറ്റുമുള്ളവരെയും നശിപ്പിക്കും. ഒരു നേതാവിന്റെ ഒരു പ്രസ്താവന സൃഷ്ടിച്ച സംഘർഷം തലമുറകളോളം നിലനിന്ന ഉദാഹരണങ്ങളേറെയുണ്ട്. വാളു കൊണ്ടുള്ള മുറിവ് കാലക്രമത്തിൽ കരിഞ്ഞുപോകും. നാവു കൊണ്ടുള്ള മുറിവ് കരിയാതെ നൂറ്റാണ്ടുകളോളം നീറുന്ന വ്രണമായി നിലനിൽക്കുന്നു. ആയുധങ്ങൾ അനാവശ്യമായി ഉപയോഗിച്ചാൽ അനാവശ്യ സംഘട്ടനം അനിവാര്യമാകുന്നു. അതുതന്നെയാണ് നാവിന്റെയും സ്ഥിതി. കൈകൾ അടക്കിവെക്കുന്നതുപോലെ പ്രധാനമാണ് നാവടക്കി വെക്കുന്നതും. സംസാരിക്കേണ്ടതില്ലാത്തപ്പോൾ മൗനമാണ് ഭൂഷണം. അതിൽ സമാധാനമുണ്ട്. പാഴ്വാക്കുകളുടെ ഫലം ദുഃഖമാണ്. വില്ലിൽനിന്നു തൊടുത്ത് അമ്പുപോലെയാണ് വാക്കുകൾ. അത് തിരിച്ചെടുക്കാനാവില്ല. പറഞ്ഞത് നാക്കു പിഴയായിരുന്നു, അത് പിൻവലിക്കുന്നു എന്നൊക്കെ പറയുന്നത്, അമ്പയച്ചത് അബദ്ധത്തിലായിരുന്നു എന്നു പറയുന്നതുപോലെയാണ്. അതുകൊണ്ട് കൊള്ളേണ്ടവന് കൊള്ളാതിരിക്കുകയോ ആപത്തനുഭവിക്കാതിരിക്കുകയോ ചെയ്യുന്നില്ല. നിങ്ങൾ പറഞ്ഞത് റദ്ദാക്കുക അതീവദുഷ്കരമാണ്. പറഞ്ഞിട്ടില്ലാത്തത് റദ്ദാക്കാൻ ഒരു പ്രയാസവുമില്ല. ദൈവദാസന്റെ ഏറ്റം ശ്രേഷ്ഠ മിത്രം മൗനമാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. മൗനം ഒരു നിധിയാണ്. നമ്മുടെ ഉടമസ്ഥതയിലുള്ള നിധി. പറഞ്ഞുകഴിയുന്നതോടെ അത് നമുക്ക് നഷ്ടപ്പെടുന്നു. പറഞ്ഞുപോയതോർത്ത് ദുഃഖിക്കാത്തവർ വിരളമായിരിക്കും. പറയാതിരുന്നതോർത്ത് സന്തോഷിക്കുന്നവരായിരിക്കും അധികം.

വാക്കുകൾ പറയുന്നതുവരെ നാം അതിന്റെ ഉടമകളാകുന്നു. പറഞ്ഞുകഴിയുന്നതോടെ അത് നമ്മുടെ ഉടമയാകുന്നു. സത്യവിശ്വാസി എപ്പോഴും വാക്കിന്റെ ഉടമയായിരിക്കാനാണ് ശ്രമിക്കേണ്ടത്. അതിനുവേണ്ടിയുള്ള പരിശീലനം ആത്മസംസ്കരണത്തിന്റെ അനുപേക്ഷണീയ ഘടകമാകുന്നു. ■